**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2633 **17.10.2016** ൽ മറുപടിക്ക്

**ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്തൽ**

| **ചോദ്യം**<br>**ശ്രീ. എം. ഉമ്മർ** | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|
| (എ)സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്താൻ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) ജില്ലാ കളക്ടർമാർക്ക് ജനസമ്പർക്ക പരിപാടി നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിയമ സാധുത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല |
| (സി) ഐ.എ.എസ് ഓഫീസർമാർക്ക് ഗ്രേഡ് നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ എന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഐ.എ.എസ് ഓഫീസർമാർക്ക് അഖിലേന്ത്യാ സർവ്വീസ് ചട്ടം പ്രൊമോഷൻ ഗൈഡ് ലൈൻസ് പ്രകാരം തസ്തികകൾക്ക് ഗ്രേഡ് നിശ്ചയിച്ചിട്ടുണ്ട്. അതായത് ചീഫ് സെക്രട്ടറി ഗ്രേഡ്, പ്രിൻസിപ്പൽ സെക്രട്ടറി ഗ്രേഡ്, സെക്രട്ടറി ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ്. ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ജീവനക്കാര്യങ്ങളിലെ ഉത്തരവുകൾ കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ മന്ത്രാലയമാണ് പുറപ്പെടുവിക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടില്ല. |

| | |
|---|---|
| ഡി) ഉണ്ടെങ്കിൽ ആയതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) ബാധകമല്ല. |
| (ഇ) ഇതു സംബന്ധിച്ച് ഐ.എ.എസ് ഉദ്യോഗസ്ഥ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ? | (ഇ) നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.